തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല

# പ്രബന്ധങ്ങൾക്ഷണിക്കുന്നു.

തുഞ്ചത്തെഴുച്ഛൻ മലയാളസർവ്വകലാശാലചരിത്രപഠനസ്കൂളിന്റെ ഗവേഷണജേണൽ ഹിസ്റ്റോറിയോളജിക്കൽ സീരീസിന്റെ രണ്ടാം ലക്കത്തിലേക്ക് ഗവേഷണപ്രബന്ധങ്ങൾക്ഷണിക്കുന്നു.

ബഹുവിഷയ – വിഷയാന്തരീയസമീപനങ്ങൾക്ക്പ്രാധാന്യം കൊടുത്തു കൊണ്ടുള്ള ജേർണലിന്റെ ഈ ലക്കത്തിലേക്ക് ചരിത്രം, കല, സംസ്കാരം, നരവംശശാസ്ത്രം, സാമൂഹികശാസ്ത്രം, സാമ്പത്തികശാസ്ത്രം, ജെൻഡർ, പരിസ്ഥിതി, തുടങ്ങി ചരിത്രപുനർനിർമ്മിതിക്ക് സഹായകമാകുന്നതും, സാമൂഹികപ്രസക്തിയുള്ളതും, തുടർ ചർച്ചകൾക്ക വഴിയൊരുക്കുന്നതുമായ പ്രബന്ധങ്ങളെയാണ് പരിഗണിക്കുക. അതാത് മേഖലകളിൽ ഗവേഷണത്തിൽ ഏർപ്പെടുന്ന വ്യക്തികളുടെ പ്രബന്ധങ്ങൾക്കായിരിക്കും മുൻഗണന. പ്രബന്ധങ്ങളുടെ നിലവാരം മാത്രമായിരിക്കും തിരഞ്ഞെടുപ്പിന്റെ മാനദണ്ഡം. താഴെപ്പറയുന്ന മാനദണ്ഡങ്ങൾ വിഷയവിദഗ്ദരുടെ അഭിപ്രായത്തിനു വിധേയമായി പ്രസിദ്ധീകരണത്തിനായി തിരഞ്ഞെടുക്കും.

**വിദഗ്ദാവലോകനത്തിന് തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

- നിർദിഷ്ട റെഫറൻസ് മാനദണ്ഡങ്ങൾപാലിക്കാത്ത, പ്രബന്ധ ശരീരത്തിനകത്ത് ആവശ്യമായ പരാമർശങ്ങളും ആധാരങ്ങളും ( In Text Citations )നൽകാത്ത രചനകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
- 3000 മുതൽ 7000 വരെ വാക്കുകൾ ദൈർഘ്യമുള്ള പ്രബന്ധങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.
- ഗൂഗിൾ പരിഭാഷയോ, സമാന പരിഭാഷാ സംവിധാനങ്ങളോ ഉപയോഗിച്ച് തയ്യാറാക്കുന്ന യാന്ത്രിക പരിഭാഷാ സ്വഭാവമുള്ള പ്രബന്ധങ്ങൾ പരിഗണിക്കുന്നതല്ല.
- അക്ഷരത്തെറ്റുകളുടെ അതിപ്രസരമുള്ള പ്രബന്ധങ്ങൾ പരിഗണിക്കുന്നതല്ല.

**മാർഗനിർദ്ദേശങ്ങൾ**

**പ്രസിദ്ധീകരണത്തിന് സമർപ്പിക്കുന്ന പ്രബന്ധങ്ങൾതയ്യാറാക്കുമ്പോൾ താഴെപ്പറയുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കുക.**

- ഗവേഷണപ്രബന്ധം മലയാളത്തിൽ ആയിരിക്കണം.
- ഐ എസ് എം സോഫ്റ്റ്വെയർ ഉപയോഗിച്ച് എം എൽ രേവതി ലിപി വിന്യാസ രീതിയിൽ പേജ് മേക്കർ ഡോക്യുമെൻറ് ആയാണ് പ്രബന്ധം തയ്യാറാക്കേണ്ടത്. പി എം ഡി ഫയലിനൊപ്പം പ്രബന്ധത്തിന്റെ പി ഡി എഫ് ഫയലും അയയ്ക്കേണ്ടതാണ്.
- പ്രബന്ധത്തിൽ ഉടനീളം വരികൾ തമ്മിൽ 1.5 ഇടയകലം (space) പാലിക്കേണ്ടതാണ്.
- ശീർഷകം 14 പോയിന്റിലും പ്രബന്ധശരീരം 12 പോയിന്റിലുംആയിരിക്കണം.
- പേജ് നമ്പർ താഴെ നല്കണം.

- വാക്യ അന്ത്യത്തിൽ ബിന്ദു ഒഴിച്ച് മറ്റ് ചിഹ്നങ്ങൾ ഒഴിവാക്കുക. ചിഹ്നത്തിന് ശേഷം 1 ഇടയകലം പാലിക്കണം.

**താഴെപ്പറയുന്ന ക്രമത്തിലാണ പ്രബന്ധം തയ്യാറാക്കേണ്ടത്**

1. ആദ്യപുറത്തിൽപ്രബന്ധത്തിന്റെപേര്.
2. പ്രബന്ധ രചയിതാവിന്റെ പേര് മേൽവിലാസം ,e –മെയിൽ വിലാസം , മൊബൈൽ നമ്പർ എന്നീ വിവരങ്ങൾ നല്കിയിരിക്കണം (14 പോയിന്റ്) .
3. രണ്ടാം പുറത്തിൽ ശീർഷകം (14 പോയിന്റിൽ ),നൂറു വാക്കിൽ കവിയാതെയുള്ള പഠനസംഗ്രഹം (11 പോയിന്റ്).
4. മൂന്നാം പുറത്തിൽ പ്രബന്ധശരീരം (12 പോയിന്റ്).
5. ആവശ്യമായ കുറിപ്പുകളും (Notes )തുടർന്ന് ആധാര സൂചികയും (Reference)പ്രബന്ധത്തിന്റെ അവസാനം നല്കണം (11 പോയിന്റ്).
6. ഗ്രന്ഥസൂചി /ആധാരസൂചി തയ്യാറാക്കുന്നതിന് APA Format ആണ് എഴുത്തുകാർ പിന്തുടരേണ്ടത്.

**Book Sample**

Thapar,R.(2002).Early India :From The Origins to AD 1300.University of CaliforniaPress.

**Journal Article Example**

Chakrabarti, D K.(1995)The Archaeologyof the Early Historic South Asia : The Emergence of Citiesand States. World Archaeology,27(3),326 - 340.https//doi.org/XXXXX .

**Website Example**

Indian Council Of Historical Research .(2023,March10).New perspectivesonMughalAdministtration .http//www.ichr.ac.in/Mughal – administration

ഫോട്ടോ, മാപ് എന്നിവ ഉൾപ്പെടുത്തുമ്പോൾ ഉയർന്ന റസലൂഷനിൽ ഉള്ളത് ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കുക .

**പ്രബന്ധങ്ങൾ മെയ് 25 ന മുമ്പായി താഴെപ്പറയുന്ന വിലാസത്തിൽ അയയ്ക്കുക.**

ഡോ . ശ്രീജ എൽ . ജി
അസിസ്റ്റൻറ് പ്രൊഫെസർ
ചരിത്രപഠനസ്കൂൾ
മലയാളസർവകലാശാല
വാക്കാട്
തിരൂർ
E mail id – drsreejalg@temu.ac.in

Phone number - 9656184109